DESPATCHED
On 01/12/22
30/12/2021



# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in

## ഹർജി നമ്പർ AP.No.2074(5)/19/SIC

## തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം

## File No. 15325/SIC-G7/2019

സന്നിഹിത

ശ്രീമതി ശ്രീലത പി. ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ

30.12.2021

ശ്രീമതി. ഹേമ ശ്രീകുമാർ
ജയ വിഹാർ, NWRA-7
ബീച്ച് റോഡ്, കൊല്ലം – 691 001 } അപ്പീൽ ഹർജിക്കാരി

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ
ബീച്ച് റോഡ്, കൊച്ചുപ്ലാമൂട്,
കൊല്ലം – 691 001

2. അപ്പീൽ അധികാരി
കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ
ബീച്ച് റോഡ്, കൊച്ചുപ്ലാമൂട്,
കൊല്ലം – 691 001

} എതിർകക്ഷികൾ

## ഉത്തരവ്

1. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പ് പ്രകാരം അപ്പീൽഹർജിക്കാരി ശ്രീമതി. ഹേമ ശ്രീകുമാർ 18.05.2019–ൽ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 18.06.2019 തീയതി എസ്.പി.ഐ.ഒ. മറുപടി നൽകുകയുണ്ടായി. പ്രസ്തുത മറുപടിയിൽ 7, 8, 9, 11, 13, 15, 16, 17, 20, 23, 24 എന്നീ ചോദ്യങ്ങൾക്ക് നൽകിയ വിവരം തൃപ്തികരമല്ലാത്തതിനെ തുടർന്ന് ഒന്നാം അപ്പീൽ സമർപ്പിച്ചു. അപ്പീൽ അധികാരിയിൽ നിന്നും വ്യക്തമായ വിവരം ലഭ്യമാകാത്തതിനെ തുടർന്ന് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു. അപ്പീൽ

ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളേയും നേരിൽ കേൾക്കാൻ നിശ്ചയിച്ചു.

2. നേർവിചാരണയിൽ പങ്കെടുത്ത എസ്.പി.ഐ.ഒ. കമ്മീഷൻ മുമ്പാകെ മൊഴി നൽകുകയും റിപ്പോർട്ട് സമർപ്പിക്കുകയും ഉണ്ടായി. എസ്.പി.ഐ.ഒ. കമ്മീഷനെ അറിയിച്ചത്, അപ്പീൽഹർജിക്കാരി ആവശ്യപ്പെട്ടതു പ്രകാരം പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ ആവശ്യമായ രേഖകൾ സൗജന്യമായി നൽകിയിട്ടുണ്ട് എന്നാണ്. എന്നാൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ 7, 9, 11, 13, 15, 17, 20, 24 എന്നീ ചോദ്യങ്ങൾക്ക് ഒരിക്കൽ മറുപടി നൽകിയതായും കാണുന്നു. കൂടാതെ കേരള കശുവണ്ടി ഫാക്ടറികൾ ഏറ്റെടുക്കൽ നിയമം 2009 അനുസരിച്ച് പൊതു രേഖ ആണെന്നും അതിനാൽ ബന്ധപ്പെട്ട വിവരങ്ങൾ പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ വിശദീകരിക്കേണ്ടതില്ല എന്നുമാണ് അറിയിക്കുന്നത്.

3. അപ്പീൽഹർജിയും മറ്റ് അനുബന്ധരേഖകളും പരിശോധിക്കുമ്പോൾ അപ്പീൽഹർജിക്കാരിയുടെ വിവരാവകാശ അപേക്ഷയ്ക്ക് വിവരം നൽകിയിട്ടുള്ളതായി കമ്മീഷന് ബോദ്ധ്യപ്പെട്ടു. എന്നിരുന്നാലും പൊതുരേഖ ആവശ്യപ്പെട്ടാൽ നൽകേണ്ട ഉത്തരവാദിത്വം എസ്.പി.ഐ.ഒ യ്ക്ക് ഉണ്ടെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. മേൽ സാഹചര്യത്തിൽ എസ്.പി.ഐ.ഒ.യുടെ മൊഴിയും റിപ്പോർട്ടും അംഗീകരിച്ച് ഈ അപ്പീൽഹർജിയിന്മേലുള്ള മറ്റ് നടപടികൾ അവസാനിപ്പിച്ച് ഇന്നേ ദിവസം 2021 ഡിസംബർ മാസം 30–ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)

ശ്രീലത. പി. ആർ.
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

nis